പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.138 — 30.09.2011 - ൽ മറുപടിയ്ക്ക്

## പുതിയ മേഖലകളിൽ സഹകരണസംഘങ്ങളുടെ വ്യാപനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ് കുമാർ;<br>,, എള മരം കരീം;<br>,, എസ്. ശർമ്മ;<br>ശ്രീമതി പി. അയിഷാ പോറ്റി. | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി ഏതെല്ലാം മേഖലകളിലാണ് സഹകരണസംഘങ്ങളുടെ വ്യാപനം ലക്ഷ്യമാക്കിയിട്ടുള്ളത് ; | (എ) | സംസ്ഥാനത്ത് പുതുതായി ടൂറിസം, ആരോഗ്യം, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം/ സംസ്കരണം, പ്രൊഫഷണൽ വിദ്യാഭ്യാസം സാഹിത്യം, പച്ചക്കറി കൃഷി, ഉപഭോക്തൃമേഖല എന്നീ മേഖലകളിലാണ് സഹകരണ സംഘങ്ങളുടെ വ്യാപനം ലക്ഷ്യമാക്കിയിട്ടുള്ളത്. |
| (ബി) | സർക്കാരിന്റെ സാമ്പത്തിക സഹായവും പ്രോത്സാഹനവും കൊണ്ട് പുതിയ മേഖലയെ പരിപോഷിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | എങ്കിൽ തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട പദ്ധതികളുടെ അടിസ്ഥാനത്തിൽ അവ വിശദമാക്കാമോ ? | (സി) | വിവിധ മേഖലകളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>**ടൂറിസം:** കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും നല്ല നിലയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സ്ഥാപനങ്ങളിലൂടെ വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ആയതിന് സംസ്ഥാന പദ്ധതിയിലും എൻ.സി.ഡി.സി. പദ്ധതിയിലും തുക വകയിരുത്തിയിട്ടുണ്ട്.<br>**ആരോഗ്യം:** ആശുപത്രി/ഡിസ്പെൻസറി എന്നിവയ്ക്ക് ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള സബ്സിഡിയും, ഓഹരി മൂലധനവും, ആധുനിക/അത്യന്താധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകിവരുന്നു. സംസ്ഥാന പദ്ധതിയിലും എൻ.സി.ഡി.സി. പദ്ധതിയിലും ധനസഹായത്തിന് തുക വകയിരുത്തിയിട്ടുണ്ട്. |

**നെല്ല്/കൊപ്ര-സംഭരണം/സംസ്കരണം:** വിപണന ഇടപെടലിനും സംസ്കരണത്തിനും സഹായം നൽകുന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ നെല്ല്-നാളികേര കൃഷിക്കാരെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട സംഭരണ കേന്ദ്ര പ്രദേശത്ത് അരി സംസ്കരണ മില്ലുകൾ സ്ഥാപിക്കുന്നതിനും സഹകരണ സംഘങ്ങൾ വഴി അനുയോജ്യമായ പ്രദേശങ്ങളിൽ നാളികേര സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സഹായം നൽകുന്നതാണ്.

**കാർഷിക ഉൽപ്പന്ന സംസ്കരണം:** കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനായി സംസ്കരണ ശാലകൾ സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

**പ്രൊഫഷണൽ വിദ്യാഭ്യാസം:** പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് സഹായം നൽകുന്ന പദ്ധതി പ്രകാരം 2011-12 ൽ കേപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന പുന്നപ്ര സഹകരണ ആശുപത്രി, കൊച്ചിയിലെ സി.എം.സി. എന്നീ സ്ഥാപനങ്ങൾക്ക് പശ്ചാത്തല സൗകര്യ വികസനത്തിനായും മറ്റ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം നൽകുന്ന പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസിന് ഒരു നെഫ്രോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നതാണ്.

**സാഹിത്യം:** മറ്റ് സഹകരണസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം സാഹിത്യ പ്രസാധക സഹകരണ സംഘം ഉൾപ്പെടെയുള്ള സാഹിത്യ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ധനസഹായം നൽകിവരുന്നുണ്ട്.

**ഉപഭോക്തൃ മേഖല:** സംസ്ഥാന പദ്ധതിയിൻ കീഴിൽ ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമുള്ള ധനസഹായവും എൻ.സി.ഡി.സി. പദ്ധതി പ്രകാരം പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ,

മൊത്തവ്യാപാര സ്റ്റോറുകൾ/ ഫെഡറേഷനുകൾ എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയും കൺസ്യൂമർ പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങൾക്കും കൺസ്യൂമർ ഫെഡറേഷനും ധനസഹായം നൽകിവരുന്നു.

പ്രസ്തുത പദ്ധതികൾ പ്രകാരം സംസ്ഥാന കൺസ്യൂമർ ഫെഡറേഷന്റെ പ്രത്യേക പ്രോജക്ടുകൾക്ക വേണ്ടിയും ഗ്രാമീണ നഗരപ്രദേശങ്ങളിലെ ഉപഭോക്തൃ സംഘങ്ങളുടെ വികസനത്തിനു വേണ്ടിയും പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാ മൊത്ത വിൽപ്പന സഹകരണ സ്റ്റോറുകൾ എന്നിവയുടെ പുനസംഘാടനം/പുനരുദ്ധാരണത്തിനു വേണ്ടിയും കൺസ്യൂമർ ഫെഡറേഷന്റേയും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടേയും നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയുടെ നടത്തിപ്പിനുവേണ്ടിയും ധനസഹായം നൽകിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ